**പതിമൂന്നാം കേരളനിയമസഭ**
**ഒമ്പതാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.518** | **04/07/2013 ൽ മറുപടിക്ക്**

**സർക്കാർ ആശുപത്രികളിൽ വിതരണം ചെയ്യുന്ന മരുന്നിന്റെ ഗുണനിലവാരം**

**ചോദ്യം**

**ശ്രീ. മാത്യു റ്റി. തോമസ്**
**" സി. കെ. നാണു**
**" ജോസ് തെറ്റയിൽ**
**ശ്രീമതി ജമീല പ്രകാശം**

**മറുപടി**

**ശ്രീ. വി. എസ്. ശിവകുമാർ**
**(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)**

---

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ വിതരണം ചെയ്യുവാൻ സ്വകാര്യ മരുന്നു വിതരണ കമ്പനികളിൽ നിന്നും വാങ്ങുന്ന മരുന്നിന്റെ ഗുണനിലവാരം പരിശോധിക്കുവാൻ നിലവിൽ എന്തു സംവിധാനമാണുള്ളത് ; | (എ) (ബി) & (സി) | കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ സംഭരിച്ച് വിതരണം ചെയ്യുന്ന മരുന്നുകളിൽ എക്സ്-റേ ഐറ്റംസ്, നിശ്ചിത ഊഷ്മാവിൽ സംഭരിക്കേണ്ട വാക്സിൻ, ഇൻസുലിൻ തുടങ്ങിയവ ഒഴികെയുള്ള മറ്റെല്ലാ മരുന്നുകളും കോർപ്പറേഷൻ ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കാറുണ്ട്. ഇതിനായി ഇന്ത്യയിലെ എൻ.എ.ബി.എൽ അക്രഡിറ്റേഷൻ ഉള്ള എട്ട് ലാബുകളെ വ്യക്തമായ നിബന്ധനകളോടെ തിരഞ്ഞെടുത്തിട്ടുണ്ട്. ഇതിൻ പ്രകാരം സ്റ്റെറൈൽ ഐറ്റംസിനു 30 ദിവസവും നോൺ-സ്റ്റെറൈൽ ഐറ്റംസിനു 15 ദിവസവുമാണ് മരുന്നുകളുടെ ഗുണനിലവാര പരിശോധനയ്ക്കായി കോർപ്പറേഷൻ നൽകിയിട്ടുള്ള കാലാവധി. മിക്കവാറും എല്ലാ ലാബുകളും നിശ്ചിത സമയപരിധിയ്ക്കുള്ളിൽത്തന്നെ പരിശോധന റിപ്പോർട്ട് സമർപ്പിക്കാറുണ്ട്. അല്ലാത്ത പക്ഷം ഈ ലാബുകളിൽ നിന്നും പിഴ ഈടാക്കാറുണ്ട്. കൂടാതെ കോർപ്പറേഷൻ മുഖേന സംഭരിച്ച വിതരണം ചെയ്യുന്ന ഏതെങ്കിലും മരുന്നുകളെ കുറിച്ച് എന്തെങ്കിലും പരാതി ലഭിക്കുന്ന പക്ഷം പ്രസ്തുത ബാച്ചിൽപ്പെട്ട മരുന്നുകൾ പുനഃപരിശോധനയ്ക്കായി അപ്പലറ്റ് ലബോറട്ടറിയായ തിരുവനന്തപുരത്തുള്ള ഗവൺമെന്റ് ഡ്രഗ് ടെസ്റ്റിംഗ് ലബോറട്ടറിയിൽ അയയ്ക്കാറുണ്ട്. മാത്രമല്ല, ഓരോ ജില്ലയിലേയും ഡ്രഗ്സ് ഇൻസ്പെക്ടർമാർ, കോർപ്പറേഷൻ മുഖേന സംഭരിക്കുന്ന മരുന്നുകൾ അതാതു ജില്ലകളിലെ വെയർഹൗസിൽ നിന്നോ, ആശുപത്രികളിൽ നിന്നോ ഗുണനിലവാര പരിശോധനയ്ക്കായി (Statutory Sampling) ശേഖരിച്ച് തിരുവനന്തപുരത്തുള്ള ഗവൺമെന്റ് ഡ്രഗ് ടെസ്റ്റിംഗ് ലബോറട്ടറിയിൽ അയയ്ക്കാറുണ്ട്. |
| (ബി) | സർക്കാർ ആശുപത്രികളിൽ നൽകുന്ന മരുന്നുകൾ ശരിയായ ഗുണനിലവാരമുള്ളവ അല്ലെന്ന വസ്തുത കണക്കിലെടുത്ത് അവയുടെ ഗുണനിലവാരം പരിശോധിക്കുവാൻ സംവിധാനം ഏർപ്പെടുത്താൻ സർക്കാർ തയ്യാറാകുമോ ; | | |
| (സി) | എങ്കിൽ അതു സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ